**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3497** **15-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ കണക്ക് ലഭ്യമാക്കാമോ; | (എ) | നിലവിലെ സർക്കാരിന്റെ കാലത്ത് 14954 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ജില്ലയിൽ ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കുന്നതിന് അധിക ജീവനക്കാരെ (ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, സർവ്വേയർ) നിയമിച്ചിട്ടുള്ളതും ഫീൽഡ് പരിശോധനയ്ക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കോഴിക്കോട് ജില്ലയിൽ, കോഴിക്കോട്, വടകര എന്നീ രണ്ടു റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ഫയൽ തീർപ്പാക്കുന്നതിന് 01.02.2024 തീയതിയിൽ അദാലത്ത് സംഘടിപ്പിച്ചിരുന്നു. കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിലും, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിലും അവലോകനയോഗം കൂടി, തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്തു വരുന്നു. |
| (സി) | ജില്ലയിൽ അനുവദിച്ച സ്മാർട്ട് വില്ലേജുകളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തവയുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (സി) | അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കോഴിക്കോട് സൗത്ത് ബീച്ചിലെ മുപ്പത്തിമൂന്ന് കുടുംബങ്ങളുടെ പട്ടയ വിതരണത്തിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്താമോ? | (ഡി) | കോഴിക്കോട് സൗത്ത് ബീച്ചിലെ 33 കുടുംബങ്ങൾ കൈവശം വെച്ചു വരുന്ന വസ്തുക്കൾ കൈവശത്തിന്റെ അടിസ്ഥാനത്തിൽ അളന്നു തീർക്കുന്നതിനായി പല പ്രാവശ്യം ശ്രമം നടത്തിയിട്ടുള്ളതാണ്. എന്നാൽ താരതമ്യേന ജനസാന്ദ്രത കൂടിയ ഈ സ്ഥലത്ത് പ്രദേശ വാസികളുടെ നിസ്സഹകരണവും അതിർത്തി തർക്കങ്ങളും കാരണം വസ്തു അളന്നു തിരിക്കുന്ന പ്രവർത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വേലിയേറ്റ വട്ടുവിൽ നിന്നും ഉദ്ദേശം 30 മീറ്റർ ദൂരം മുതൽ ആരംഭിക്കുന്ന ഈ വസ്തുക്കൾ CRZ ൽ ഉൾപ്പെടുന്നതാണ്. ഈ വസ്തുക്കൾ സർക്കാർ |

| | | | |
|---|---|---|---|
| | | | അധീനതയിലുള്ള പുറമ്പോക്ക് വസ്തുക്കൾ അല്ല. തികച്ചും സ്വകാര്യ ജന്മം വസ്തുക്കൾ ആയതിനാൽ ലാന്റ് ട്രൈബ്യൂണൽ മുഖേന മാത്രമേ പട്ടയ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനായി നിലവിലുള്ള അതിർത്തി തർക്കങ്ങൾ രമ്യമായി പരിഹരിച്ചതിനു ശേഷം നിയമാനുസൃതം ലാന്റ് ട്രൈബ്യൂണലിൽ അപേക്ഷ നൽകിയാൽ മാത്രമേ പട്ടയനടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വില്ലേജ് | നിലവിലെ സ്ഥിതി |
|---|---|
| അത്തോളി | സൈറ്റ് ലെവലിംങ്ങ്, കിണർ മണ്ണിട്ട് മൂടുന്ന പ്രവൃത്തികൾ എന്നിവ നടക്കുന്നു. |
| ഉള്ള്യേരി | സ്ട്രക്ച്ചർ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ വർക്കുകൾ ആരംഭിച്ചു. |
| ഇരിങ്ങൽ | പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| മരുതോങ്കര | സ്ട്രക്ച്ചർ വർക്കുകളും പ്ലാസ്റ്ററിംങ് പ്രവൃത്തികളും പൂർത്തിയായി. ഇലക്ട്രിക്കൽ വർക്കുകൾ ആരംഭിച്ചു. |
| കടലുണ്ടി | പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| എടച്ചേരി | ഫർണ്ണിച്ചർ പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും പുരോഗമിക്കുന്നു. (പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്) |
| എലത്തൂർ | ഫൗണ്ടേഷൻ പ്രവൃത്തികൾ നടക്കുന്നു. (പ്ലിന്ത് ബീം) |
| മേപ്പയ്യൂർ | നിർവ്വഹണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| നെല്ലിപ്പൊയിൽ | നിർവ്വഹണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| നാദാപുരം | 2020-21 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടത്തിയ നവീകരണ പ്രവർത്തനങ്ങൾ (അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചത്) പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ ഒഴിവാക്കേണ്ടി വരുമോ എന്നും അതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാവാൻ സാധ്യതയുണ്ടോ എന്നും പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ വടകര RDO യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| കുറ്റിക്കാട്ടൂർ, മൂടാടി | 04.02.2024 തീയതിയിലെ സ.ഉ. (സാധാ) നം.499/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി വില്ലേജുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയത് സംബന്ധിച്ച് പ്രാഥമിക നടപടികൾ സ്വീകരിച്ചു വന്നിട്ടുള്ളതാണ്. |